മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... ചട്ടം 64 പ്രകാരം ബഹുമാനപ്പെട്ട കെ. എം. മാണിക്ക് പ്രസ്താവന നടത്താവുന്നതാണ്.

## ചട്ടം 64 പ്രകാരമുള്ള പ്രസ്താവന

ശ്രീ. കെ. എം. മാണി : സർ, സംസ്ഥാന സർക്കാരിന്റെ പുതുക്കിയ മദ്യനയത്തിനെതിരെ ഒരു ബാർ ഉടമ ദൃശ്യമാധ്യമങ്ങളിലൂടെ നടത്തിയ ആരോപണത്തിന്റെ പേരിൽ വിജിലൻസ് നൽകപ്പെട്ട ഒരു പരാതി പരിഗണിക്കവെ ബഹുമാനപ്പെട്ട ഹൈക്കോടതി നോട്ടീസ് അയച്ച് എന്നെ കേൾക്കാനുള്ള അവസരമില്ലാതെ സാന്ദർഭികമായി നടത്തിയ പരാമർശം അത്യന്തം വേദനാജനകമാണ്.

ശ്രീ. സി. ദിവാകരൻ : സർ, ഇത് എന്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പറയുന്നത്?

മി. സ്പീക്കർ : ചട്ടം 64 അനുസരിച്ചാണ്. മന്ത്രി രാജിവച്ചാൽ അതിനെ സംബന്ധിച്ച് മന്ത്രിക്ക് പ്രസ്താവന നടത്താം.

ശ്രീ. സി. ദിവാകരൻ : സർ, ശ്രീ. കെ. എം. മാണി ഇപ്പോൾ മന്ത്രി അല്ല. .......(ബഹളം).......

മി. സ്പീക്കർ : ബഹുമാനപ്പെട്ട സി. ദിവാകരൻ, ഒരു മന്ത്രി രാജി വച്ചാൽ രാജിവയ്ക്കുന്ന മന്ത്രിക്ക് നിയമസഭയിൽ പ്രസ്താവന നടത്താം. ചട്ടം 64 വായിച്ചുനോക്കൂ. .............(ബഹളം)........... ബഹുമാനപ്പെട്ട കെ. എം. മാണി, അങ്ങേയ്ക്ക് പ്രസ്താവന നടത്താം.

ശ്രീ. കെ. എം. മാണി : സർ, .............(ബഹളം)...........

ശ്രീ. സി. ദിവാകരൻ : സർ, ചട്ടം 64-ൽ രാജിയെപ്പറ്റിയുള്ള വിശദീകരണം എന്നാണ് പറഞ്ഞിട്ടുള്ളത്. അദ്ദേഹം മന്ത്രി അല്ലാതായതിനുശേഷം ഇന്നലെയും ഇതിനുമുമ്പുള്ള ദിവസവും സഭയിൽ ഹാജരായി. അന്നൊന്നും പ്രസ്താവന നടത്തിയില്ല. അദ്ദേഹം മന്ത്രിസ്ഥാനം രാജിവച്ചിട്ട് കുറേ നാളുകളായി. ............ (ബഹളം).........

മി. സ്പീക്കർ : ഇതിന് ബഹളം വേണ്ട. ബഹുമാനപ്പെട്ട സി. ദിവാകരൻ, എന്താണ് പറയാനുള്ളത്?

**(ക്രമപ്രശ്നം, റൂളിംഗ്)**

ശ്രീ. സി. ദിവാകരൻ: ഇതുസംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ടോയെന്ന് സഭാനേതാവ് പറയണം, ഉണ്ടെങ്കിൽ മേശപ്പുറത്ത് വയ്ക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അങ്ങനെ എല്ലാ നോട്ടീസും മേശപ്പുറത്ത് വയ്ക്കാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി: സർ, പലതവണ എഴുന്നേറ്റ് ഞാൻ പ്രസ്താവന വായിക്കാൻ ശ്രമിച്ചതാണ്. .......(ബഹളം)........

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, ശ്രീ. ഇ.പി. ജയരാജൻ, നിങ്ങൾ രണ്ടുപേരും ചേർന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുകയാണോ; ഒരു കാര്യവുമില്ലാതെ സഭാ സമ്മേളനം തുടർച്ചയായി തടസ്സപ്പെടുത്തുന്നത് ശരിയല്ല.

ശ്രീ. കെ. എം. മാണി: സംസ്ഥാന സർക്കാരിന്റെ പുതിയ മദ്യനയത്തിനെതിരെ ഒരു ബാർ ഉടമ ദൃശ്യ മാധ്യമങ്ങളിലൂടെ നടത്തിയ ആരോപണത്തിന്റെ പേരിൽ വിജിലൻസിന് നൽകപ്പെട്ട ഒരു പരാതി പരിഗണിക്കവെ, ബഹുമാനപ്പെട്ട ഹൈക്കോടതി നോട്ടീസ് അയച്ച് എന്നെ കേൾക്കാനുള്ള അവസരമില്ലാതെ സാന്ദർഭികമായി നടത്തിയ പരാമർശം അത്യന്തം വേദനാജനകമാണ്. കോടതി എനിക്കെതിരെ യാതൊരു കുറ്റാരോപണവും നടത്തിയിട്ടില്ലായെന്നത് ശ്രദ്ധേയമാണ്. സ്വതന്ത്രമായ കേസ്സന്വേഷണത്തിന് ഞാൻ അധികാരസ്ഥാനത്ത് തുടരുന്നത് ഭൂഷണമാണോയെന്ന് എന്റെ മനസ്സാക്ഷിയോട് തന്നെ ചോദിക്കട്ടെ

എന്നതായിരുന്ന പരാമർശത്തിന്റെ അന്ത:സത്ത. അതിന്റെ അടിസ്ഥാനത്തിൽ ഉന്നതമൂല്യങ്ങൾ മുൻനിർത്തിയാണ് ഞാൻ 10-11-2015-ൽ സ്വമനസ്സാലെ മുഖ്യമന്ത്രി സമക്ഷം രാജി സമർപ്പിച്ചത്. സഭയോടും സഭാനാഥനോടും കഴിഞ്ഞ 50 വർഷം നീണ്ടുനിന്ന എന്റെ നിയമസഭാ ജീവിതത്തിലുടനീളം അകൈതവമായ ആദരവും കൂറുമാണ് ഞാൻ പുലർത്തിയിട്ടുള്ളത്. എല്ലാ സഭാംഗങ്ങളോടും പ്രത്യേകിച്ച് പ്രതിപക്ഷാംഗങ്ങളോടും അതേരീതിയിലുള്ള ആദരവ് പുലർത്തുന്നതിൽ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ സൗഹൃദവും സ്നേഹവുമാണ് എന്റെ കൈമുതൽ. എനിക്കെതിരെ നടക്കുന്ന അന്വേഷണത്തെക്കുറിച്ചോ അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെക്കുറിച്ചോ കൂടുതലായി ഒന്നും പറയാൻ ഇപ്പോൾ ഞാൻ ഉദ്ദേശിക്കുന്നില്ല. സത്യം ആത്യന്തികമായി വിജയിക്കുമെന്ന് മാത്രം പറയട്ടെ. എന്റെ ഔദ്യോഗിക ജീവിതത്തിൽ സഭാംഗങ്ങൾ എനിക്ക് നൽകിയ സഹകരണങ്ങൾക്കും പകർന്നുതന്ന സ്നേഹത്തിനും ഞാൻ നന്ദി പ്രകാശിപ്പിക്കുന്നു. ഈ പരസ്പര സ്നേഹവും വിശ്വാസവും എന്നും നിലനിൽക്കട്ടെയെന്ന പ്രാർത്ഥനയോടെ ഹൃദയംഗമമായ എന്റെ ലഘു പ്രസ്താവന ഉപസംഹരിക്കുന്നു.